## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1811** — **10.03.2020-ൽ മറുപടിയ്ക്ക്**

## കോവിഡ് -19 (കൊറോണ)

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.ജെ. മാക്സി** | **കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** കോവിഡ് -19 (കൊറോണ) ബാധിച്ച് നാളിതുവരെ സംസ്ഥാനത്ത് മരിച്ചവർ എത്ര; എത്ര പേരിൽ രോഗം സ്ഥിരീകരിച്ചു; | **എ)** കോവിഡ്-19 (കൊറോണ) ബാധിച്ച് സംസ്ഥാനത്ത് നാളിതുവരെ ആരും തന്നെ മരിച്ചിട്ടില്ല. സംസ്ഥാനത്ത് നാളിതുവരെ പതിനേഴ് പേർക്കാണ് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. |
| **ബി)** പ്രസ്തുത രോഗം ബാധിച്ചവരിൽ നിന്നും രോഗം പടരാനുള്ള സാധ്യത എത്രത്തോളം എന്നു സർക്കാർ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ; | **ബി)** നിലവിൽ ഉള്ള ശാസ്ത്രീയ വിവരങ്ങൾ അനുസരിച്ച് പ്രധാനമായും Droplet Infection - ലൂടെയാണ് ഇത് പടരുന്നത്. മറ്റു രാജ്യങ്ങളിൽ നിന്നുള്ള വിവരങ്ങൾ അനുസരിച്ച് കേരളത്തിൽ രോഗം പടരാതിരിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആവശ്യമായ മാർഗ നിർദേശങ്ങളും പുറത്തിറക്കിയിട്ടുണ്ട്. രോഗബാധിത പ്രദേശങ്ങളിൽ നിന്നും തിരികെ എത്തുന്നവരുടെ നിരീക്ഷണം, Isolation ലക്ഷണങ്ങൾ ഉണ്ടെങ്കിൽ പ്രത്യേക ചികിത്സാ സെന്ററുകളിൽ സൗകര്യങ്ങൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഇതിന്റെ വ്യാപന സാധ്യത, Basic Reproduction No(Ro) രണ്ടു മുതൽ മൂന്ന് വരെയാണെന്നാണ് കണക്കിലാക്കിയിട്ടുള്ളത്. അതായത് രോഗബാധിതനായ ഒരാളിൽ നിന്ന് രണ്ടു മുതൽ മൂന്നു വരെ ആളുകൾക്ക് പടരാൻ സാധ്യത ഉണ്ട്. എന്നിരുന്നാലും നിലവിൽ മറ്റു രാജ്യങ്ങളിലെ അവസ്ഥയുടെ ഗൗരവം കണക്കിലെടുത്ത് രോഗം പടരാതിരിക്കാനുള്ള നടപടികളും Infection Control Measures ഉം ശക്തമാക്കിയിട്ടുണ്ട് വിവിധതരം പ്രവർത്തനങ്ങളുടെ അവലോകനവും, അനുബന്ധ പ്രവർത്തനങ്ങളും ദിവസേന ആരോഗ്യവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | സംസ്ഥാനതലത്തിലും, ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും നടത്തി വരുന്നു. |
| സി) | സംസ്ഥാനത്ത് പ്രസ്തുത രോഗബാധ എത്തരത്തിൽ ബാധിച്ചു; | സി) യും ഡി) യും | 10.03.2020 വരെ ആകെ 17 പേർക്കാണ് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. 4.3.2020 വരെ 4446 പേരെയാണ് നിരീക്ഷണത്തിൽ കൊണ്ടുവന്നിട്ടുള്ളത്. ഇവരിൽ 3977 പേരെ നിരീക്ഷണ കാലാവധി പൂർത്തിയായ മുറയ്ക്ക് വിടുതൽ ചെയ്തിട്ടുണ്ട്. നിലവിൽ 469 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇവരിൽ 438 പേർ വീട്ടുകളിലും 31 പേർ വിവിധ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. |
| ഡി) | നിരീക്ഷണത്തിലുണ്ടായിരുന്നവരിൽ രോഗബാധ ഇല്ലാത്തതായി കണ്ടെത്തിയവർ എത്ര; ഇപ്പോഴും നിരീക്ഷണത്തിലുള്ളവർ എത്ര; തുടർ ചികിത്സ വേണ്ടുന്നവർ എത്ര; വ്യക്തമാക്കാമോ; | | |
| ഇ) | കൊറോണ ചികിത്സക്കായി ഏതെല്ലാം മരുന്നുകളാണ് സർക്കാർ ലഭ്യമാക്കുന്നത്? | ഇ) | കോവിഡ് 19 (കൊറോണ) രോഗ ചികിത്സക്കായി നിലവിൽ പ്രത്യേക മരുന്നുകളോ, വാക്സിനോ ലഭ്യമല്ല. സഹായ ചികിത്സയാണ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ